# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കാസർകോട്

| | |
|---|---|
| **ഏപ്രിൽ 06**<br>**APRIL 06** | **2019** |

*1194 മീനം 22* ശനി

# പത്രക്കുറിപ്പ് 2

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145

## പ്രിന്റിങ് സ്ഥാപനങ്ങൾ സത്യവാങ്മൂലം നൽകണം: ജില്ലാ കളക്ടർ

തെരഞ്ഞെടുപ്പ് പ്രചാരണത്തിന് പ്രിന്റ് ചെയ്യുന്ന നോട്ടീസുകൾ പോസ്റ്ററുകൾ, ബ്രോഷറുകൾ എന്നിവയിൽ പ്രിൻറ് ചെയ്ത പ്രസിന്റെ പൂർണ മേൽവിലാസം, പബ്ലിഷറുടെ വിവരം, കോപ്പികളുടെ എണ്ണം എന്നിവ നിർബന്ധമായും രേഖപ്പെടുത്തണമെന്ന് ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബു അറിയിച്ചു. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കും.

പബ്ലീഷറുടെ മേൽവിലാസവും കോപ്പികളുടെ എണ്ണവും രേഖപ്പെടുത്താത്ത നോട്ടീസുകളും ബ്രോഷറുകളും പിടിച്ചെടുക്കാൻ ആന്റി ഡീഫേസ്മെൻറ് സ ്ക്വാഡിനേയും ഫ്ലൈയിംഗ് സ്ക്വാഡിനെയും നിയോഗിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കാത്തത് ജനപ്രാതിനിധ്യ നിയമ പ്രകാരം കുറ്റകരമാണ്. ഇതിനാൽ പ്രിന്റിങ്, പബ്ലിഷിങ് സ്ഥാപനങ്ങൾ നിയമവിരുദ്ധമായ നടപടികളിൽ നിന്നു പിന്മാറണം.

പ്രിന്റിങ്ങിനായി വരുന്ന വ്യക്തികളിൽ നിന്നും പ്രസ്ഥാനങ്ങളുടെ പ്രതിനിധികളിൽ നിന്നും കളക്ടറേറ്റിലെ തെരഞ്ഞെടുപ്പ് വിഭാഗത്തിൽ നിന്നു ലഭിക്കുന്ന നിർദ്ദിഷ്ട മാതൃകയിലുള്ള സത്യവാങ്മൂലം സിവിൽ സ്റ്റേഷനിലെ ജില്ലാ ഇൻഫർമേഷൻ ഓഫീസിലെ എംസിഎംസി സെല്ലിൽ മൂന്നു ദിവസത്തിനകം സമർപ്പിക്കണമെന്ന് ജില്ലാ കളക്ടർ ഡോ. ഡി സജിത് ബാബു അറിയിച്ചു.

## പോളിങ് ജീവനക്കാർക്ക് രണ്ടാംഘട്ട പരിശീലനം

ലോകസഭാ തെരഞ്ഞെടുപ്പിന് നിയോഗിക്കപ്പെട്ടിട്ടുള്ള പോളിങ് ജീവന ക്കാർക്കുള്ള രണ്ടാംഘട്ട പരിശീലനം ഏപ്രിൽ 11, 12, 16, 17 തീയതികളിലായി ചന്ദ്ര ഗിരി കെ എസ് ടി പി റോഡിലുള്ള ചെമ്മനാട് ജമാഅത്ത് ഹയർ സെക്കഡറി സ്കൂളിൽ നടക്കുമെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബു അറിയിച്ചു.

ഒരു പോളിങ് ബൂത്തിൽ പ്രിസൈഡിങ്ങ് ഓഫീസർ, ഫസ്റ്റ് പോളിങ് ഓഫീ സർ, സെക്കന്റ് പോളിങ് ഓഫീസർ, തേഡ് പോളിങ് ഓഫീസർ എന്നിങ്ങനെ നാലു ജീവനക്കാരെയാണ് നിയമിക്കുന്നത്. ഒന്നാം ഘട്ട പരിശീലനത്തിൽ നിന്നും വ്യത്യ സ്തമായി ഓരോ ദിവസവും ഒരു പോളിങ് ബൂത്തിലേക്ക് നിയമിക്കുന്ന ടീമിന് ഒരുമി ച്ചാണ് ഇത്തവണത്തെ പരിശീലനം. ടീമിന് ഏത് നിയമസഭാ മണ്ഡലത്തിലാണ് ഡ്യൂട്ടി എന്നറിയാനാവുമെങ്കിലും ഏത് ബൂത്താണ് എന്നത് തെരഞ്ഞെടുപ്പിന്റെ തലേ ദിവസമെ അറിയാനാവുകയുള്ളു. രാവിലെ 9.30 നും ഉച്ചയ്ക്കു 1.30 നുമായി വ്യത്യസ്ത സെഷനുകളിലായി ആകെ 138 ക്ലാസുകൾ നടത്തും.ഒരു ദിവസം 36 ക്ലാസുകൾ നടക്കും. ടീമംഗങ്ങൾ പരസ്പരം പരിചയപ്പെട്ട് ഒരുമിച്ച് പരിശീലനത്തിൽ പങ്കെടുക്കണമെന്നതിനാൽ നിയമന ഉത്തരവിൽ നൽകിയിട്ടുള്ള ദിവസവും സമ യത്തും മാത്രമേ ക്ലാസിൽ പങ്കെടുക്കാൻ അനുവദിക്കുകയുള്ളു.

## സെക്ടറൽ ഓഫീസർമാരുടെ യോഗം ചേർന്നു

കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ നിയോജക മണ്ഡലങ്ങളിലെ സെക്ടറൽ ഓഫീസർമാരുടെ യോഗം ലോക്സഭാ തെരഞ്ഞെടുപ്പ് പൊതുനിരീക്ഷകൻ എസ് ഗണേഷിന്റെ സാന്നിധ്യത്തിൽ കാഞ്ഞങ്ങാട് താലൂക്ക് ഓഫീസിൽ ചേർന്നു.

തെരഞ്ഞെടുപ്പിന് 48 മണിക്കൂറിന് മുമ്പ് എല്ലാ പോളിങ് സ്റ്റേഷനുകളുടെയും 200 മീറ്റർ പരിധിക്കകത്തു നിന്ന് സ്ഥാനാർത്ഥികളുടെ ചിഹ്നം ഉൾപ്പെടെയുള്ള തെര ഞ്ഞെടുപ്പ് പ്രചാരണ സാമഗ്രികൾ നീക്കം ചെയ്യണമെന്ന് തെരഞ്ഞെടുപ്പ് പൊതുനിരീ ക്ഷകൻ നിർദേശം നൽകി. തെരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റച്ചട്ടം കർശനമായി

പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് അദ്ദേഹം പറഞ്ഞു. പോളിങ് ബൂത്തുകളുടെ അടിസ്ഥാന സൗകര്യവികസന നടപടികൾ പൂർത്തിയായതായി യോഗം വിലയിരുത്തി. പോളിങ് ബൂത്തുകളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിനും പോളിങ് ഉദ്യോഗസ്ഥർക്ക് ഭക്ഷണം വിതരണം ചെയ്യുന്നതിനുമുള്ള ചുമതല കുടുംബശ്രീ പ്രവർത്തകർ നിർവഹിക്കും. ഹരിത പെരുമാറ്റച്ചട്ടം കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തും. തെരഞ്ഞെടുപ്പ് ദിനത്തിൽ ഭിന്നശേഷിക്കാരായ വോട്ടർമാരെ സഹായിക്കാൻ ഐ സി ഡി എസ് വളണ്ടിയർമാരെ നിയോഗിക്കും.

യോഗത്തിൽ സബ് കളക്ടറും കാഞ്ഞങ്ങാട് നിയമസഭാമണ്ഡലത്തിലെ ഉപവരണാധികാരിയുമായ അരുൺ കെ വിജയൻ, തൃക്കരിപ്പൂർ നിയമസഭാമണ്ഡലത്തിലെ ഉപവരണാധികാരിയുമായ ഡെപ്യൂട്ടി കളക്ടർ (ആർ ആർ) പി. ആർ രാധിക, ഭിന്നശേഷിക്കാരുടെ നോഡൽ ഓഫീസറും ജില്ലാ ശിശു സംരക്ഷണ ഓഫീസറുമായ പി ബിജു, ഹരിത പെരുമാറ്റ ചട്ട നോഡൽ ഓഫീസറും ജില്ലാ ശുചിത്വ മിഷൻ കോഡിനേറ്ററുമായ സി രാധാകൃഷ്ണൻ, ഹോസ്ദുർഗ് തഹസിൽദാർ ശശിധരൻപിള്ള, കുടുംബശ്രീ പ്രവർത്തകർ, ഐ സി ഡി എസ് സൂപ്പർവൈസർ തുടങ്ങിയവർ പങ്കെടുത്തു. തുടർന്ന് പൊതുനിരീക്ഷകൻ എസ് ഗണേഷ് പനത്തടി വില്ലേജിലെ പോളിങ് സ്റ്റേഷൻ സന്ദർശിച്ചു.

**ഫോട്ടോ അടിക്കുറിപ്പ്:- എസ്.ഗണേഷ് ഒബ്സർവർ:-** പൊതുനിരീക്ഷകൻ എസ് ഗണേഷ് പനത്തടി വില്ലേജ് സന്ദർശിച്ചപ്പോൾ.

## പോലീസുകാർക്ക് പോസ്റ്റൽ ബാലറ്റ്

തെരഞ്ഞെടുപ്പ് ഡ്യൂട്ടിയിലേർപ്പെടുന്ന പോലീസുകാർ പോസ്റ്റൽ ബാലറ്റിനുള്ള അപേക്ഷാ ഫോറം പൂരിപ്പിച്ച് ഏപ്രിൽ 15നകം കളക്ടറേറ്റിലെ തെരഞ്ഞെടുപ്പ് വിഭാഗത്തിൽ നൽകണമെന്ന് ജില്ലാ വരണാധികാരിയായ ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബു അറിയിച്ചു.

## ഓടുന്ന വെള്ളത്തെ പിടിച്ചു നിർത്താൻ പദ്ധതി; ആദ്യഘട്ടത്തിൽ അഞ്ചു നദികളിൽ നടപ്പാക്കും

നദികളേറെയുണ്ടായിട്ടും വേനലാരംഭത്തിൽ തന്നെ വരൾച്ച ബാധിക്കുന്ന ജില്ലയിൽ ജലക്ഷാമം നേരിടാൻ പദ്ധതി വരുന്നു. നദികളിൽ സംഭരിക്കപ്പെടുന്ന വെള്ളം കുറഞ്ഞ സമയം കൊണ്ടു തന്നെ കടലിലെത്തുന്ന സാഹചര്യമാണ് നിലവിൽ ജില്ലയിലുള്ളത്. ഈ സ്ഥിതിവിശേഷത്തെ മറികടക്കാൻ പുഴയോരങ്ങളിൽ

കൈവഴികളുണ്ടാക്കി പുതുതായി നിർമ്മിക്കുന്ന ജല സംഭരണികളിൽ നദീജലം പിടിച്ചു നിർത്താനാണു പുതിയ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ജലക്ഷാമം രൂക്ഷമാകാറുള്ള ജില്ലയുടെ ഉത്തരമേഖലയിലെ അഞ്ചു നദികളിലാണു പദ്ധതി ആദ്യം നടപ്പാക്കുന്നത്. ലാറ്ററൈറ്റ് ഭൂപ്രദേശങ്ങൾ കൂടുതലുള്ള മഞ്ചേശ്വരം മേഖലയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകത മൂലം വേനൽക്കാലത്ത് കടുത്ത ജലക്ഷാമമാണു നേരിടാറുള്ളത്. ഈ സാഹചര്യത്തെ പ്രതിരോധിക്കാൻ ജില്ലാ കളക്ടർ ഡോ. ഡി സജിത് ബാബുവിന്റെ പ്രത്യേക നിർദേശ പ്രകാരമാണ് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നത്.

പദ്ധതിനിർവഹണത്തെ കുറിച്ച് ചർച്ച ചെയ്യുന്നതിനായി കളക്ടറേറ്റിൽ ചേർന്ന കോർകമ്മിറ്റി യോഗത്തിൽ ജില്ലാ കളക്ടർ അധ്യക്ഷത വഹിച്ചു. മഞ്ചേശ്വരം, ഉപ്പള, ഷിറിയ, കുമ്പള, മൊഗ്രാൽ എന്നീ അഞ്ചു നദികളിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പാക്കുന്നത്. ഈ മേഖലയിലൂടെ കടന്നുപോകുന്ന നദികളിൽ കൃത്രിമമായി കൈവഴികളുണ്ടാക്കും. പുതുതായി നിർമ്മിക്കുന്ന കുളങ്ങൾ, വലിയ കുഴികൾ തുടങ്ങിയവയുൾപ്പെടെയുള്ള ജലസംഭരണികളിലേക്കായിരിക്കും കൈവഴി നിർമ്മിക്കുക. ഇതിലൂടെ സമീപ പ്രദേശങ്ങളിലെ ജലനിരപ്പുയർത്താൻ സാധിക്കുമെന്നാണു കരുതുന്നത്. പത്തു മുതൽ പതിനഞ്ച് ഡിഗ്രി വരെ ചരിവോടെ ഒഴുകുന്ന ഈ മേഖലയിലെ നദികളിൽ നിന്നും വളരെ എളുപ്പത്തിൽ നദീജലം കൈവഴികളിലൂടെ ഒഴുക്കാൻ സാധിക്കും. ഓരോ കിലോമീറ്റർ ദൂരത്തിൽ ഇരുഭാഗങ്ങളിലും കൈവഴികൾ നിർമ്മിക്കും. കൈവഴി നിർമ്മിക്കാനായി സ്വകാര്യ സ്ഥലങ്ങൾ ആവശ്യമുണ്ടെങ്കിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഏറ്റെടുക്കും.

ജൂൺ മാസത്തിന് മുമ്പ് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണു സ്വീകരിച്ചു വരുന്നത്. തുടർ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റുമാരെകൂടി ഉൾപ്പെടുത്തി ഈ മാസം 11ന് കളക്ടറേറ്റിൽ യോഗം ചേരും. പദ്ധതിക്ക് വേണ്ട സർവേ പ്രവർത്തനങ്ങൾ നടത്തുന്നതിനി സോയിൽ കൺസർവേഷൻ വകുപ്പിന് നിർദേശം നൽകി.

യോഗത്തിൽ കാസർകോട് വികസന പാക്കേജ് സ്പെഷ്യൽ ഓഫീസർ ഇ പി രാജമോഹൻ, ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ വി എം അശോക് കുമാർ, പടന്നക്കാട് കാർഷിക കോളേജ് പ്രഫ. ഡോ. ടി കെ ബ്രിഡ്ജിറ്റ്, അസിസ്റ്റന്റ് പ്രഫസർമാരായ ഡോ. പി ഗായത്രി കാർത്തികേയൻ, ഡോ. പി കെ സജീഷ് തുടങ്ങിയവർ സംബന്ധിച്ചു.

## പോലീസ്: കായിക ക്ഷമതാ പരീക്ഷ

പോലീസ് വകുപ്പിൽ കേരള ആംഡ് പോലീസ് നാലാം ബറ്റാലിയനിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ തെരഞ്ഞെടുപ്പിനുള്ള ശാരീരിക അളവെടുപ്പും

കായികക്ഷമതാ പരീക്ഷയും ഏപ്രിൽ ഒൻപത് മുതൽ കാസർകോട്, കണ്ണൂർ, വയനാട് ജില്ലകളിലെ വിവിധ ഗ്രൗണ്ടുകളിൽ രാവിലെ 5.30 മുതൽ നടത്തും. ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിൽ ലഭ്യമായ അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത് പ്രിന്റെടുത്ത് അതിൽ പറഞ്ഞ സ്ഥലത്ത് നിശ്ചിത സമയത്ത്, അഡ്മിഷൻ ടിക്കറ്റും പി.എസ്.സി അംഗീകരിച്ച തിരിച്ചറിയൽ കാർഡും സഹിതം ശാരീരിക അളവെടുപ്പിനും കായിക ക്ഷമതാ പരീക്ഷയ്ക്കും ഹാജരാകണം. ശാരീരിക അളവെടുപ്പ് നടത്തിയ ശേഷം അടുത്ത ദിവസമാണ് കായികക്ഷമതാ പരീക്ഷ നടത്തുന്നത്.അതിനാൽ ആവശ്യമായ തയ്യാറെടുപ്പുകളുമായി ഹാജരാകുവാൻ ഉദ്യോഗാർത്ഥികൾ ശ്രദ്ധിക്കണമെന്ന് പി.എസ്.സി ജില്ലാ ഓഫീസർ അറിയിച്ചു.

## 52,500 രൂപ പിഴ ശിക്ഷ വിധിച്ചു

തൊഴിൽ നിയമങ്ങൾ അനുസരിച്ചുള്ള രേഖകൾ സ്ഥാപനത്തിൽ സൂക്ഷിക്കാതിരുന്നതിനും തൊഴിലാളികൾക്ക് നിയമപ്രകാരമുള്ള അവധികൾ നൽകാതിരുന്നതിനും കാസർകോട് അടുക്കത്ത്ബയലിലെ ഫാത്തിമ ട്രേഡിംഗ് ഏജൻസി എന്ന സ്ഥാപനത്തിന്റെ ഉടമയ്ക്കെതിരെ കാസർകോട് ചീഫ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതി 52,500 രൂപ പിഴ ശിക്ഷ വിധിച്ചു. കാസർകോട് അസിസ്റ്റന്റ് ലേബർ ഓഫീസർ ഫയൽ ചെയ്ത കേസിലായിരുന്നു വിധി.